(സി) 469.86 ലക്ഷം രൂപ മുടക്കുമുതലുണ്ട്. 1978 മാർച്ച് മാസം വരെ 5,66,870 രൂപ ആകെ ആദായമുണ്ടാക്കിയിട്ടുണ്ട്.

കെൽട്രോണിലെ ഓപ്പറേറർ ട്രെയിനികൾ

1317 [2110] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകുളത്തു പ്രവർത്തിക്കുന്ന കെൽട്രോണിൽ ഇപ്പോൾ ഓപ്പറേറർ ട്രെയിനികളായി എത്ര പേർ ജോലി നോക്കുന്നുണ്ട്;

(ബി) അവർക്ക് ഇപ്പോൾ നൽകി വരുന്ന പ്രതിമാസ സ്റ്റൈപ്പൻറ് എത്ര രൂപയാണ്;

(സി) അതേ സ്ഥാപനത്തിൽ തന്നെ എഞ്ചിനീയറിംഗ് ട്രെയിനികളായി ജോലി ചെയ്യുന്നവർക്ക് ഇപ്പോൾ നൽകി വരുന്ന പ്രതിമാസ സ്റ്റൈപ്പൻറ് എത്ര രൂപയാണ്;

(ഡി) എഞ്ചിനീയറിംഗ് ട്രെയിനികളോടു താരതമ്യപ്പെടുത്തുമ്പോൾ ഓപ്പറേറർ ട്രെയിനികൾക്ക് ഇപ്പോൾ നൽകുന്ന സ്റ്റൈപ്പൻറ് തുലോം കുറവാണെന്ന് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഓപ്പറേറർ ട്രെയിനികളുടെ സ്റ്റൈപ്പൻറ് ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 47 പേർ

(ബി) എസ്.എസ്.എൽ.സി. ഓപ്പറേറർ ട്രെയിനികൾക്ക് 100 രൂപയും, ഐ.ടി.ഐ. ട്രെയിനികൾക്ക് 150 രൂപയുമാണ് പ്രതിമാസം സ്റ്റൈപ്പൻറ് ആയി നൽകി വരുന്നത്.

(സി) 750 രൂപ.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

ജിയോനൊവാലാ ബിന്നി കമ്പനി

1318 [2112] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിയോനൊവാല ബിന്നി കമ്പനി അടച്ചു പൂട്ടിയിരിക്കുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു പരിഹാരം കണ്ടെത്തുവാൻ ഗവൺമെൻറ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കമ്പനി കേന്ദ്രഗവൺമെൻറ് ഏറ്റെടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ കേന്ദ്രഗവൺമെൻറിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly